# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.265 10.03.2017-ൽ മറുപടിക്ക്

## എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യയൂണിഫോം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ടി തോമസ്<br>" എൽദോസ് കുന്നപ്പിള്ളി<br>" അടൂർ പ്രകാശ്<br>" റോജി എം.ജോൺ | | പ്രൊഫ: സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ ; | എ) | പ്രഖ്യാപിച്ചിരുന്നു. |
| ബി) മേൽപ്പറഞ്ഞ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാറ്റം വരുത്തുന്നതിനുണ്ടായ സാഹചര്യ മെന്താണ്; | ബി) | ഉണ്ട്. ഒന്നുമുതൽ എട്ടുവരെയുള്ള മുഴുവൻ സർക്കാർ/ എയിഡഡ് സ്കൂൾ കുട്ടികൾക്ക് കൈത്തറി തുണികൊണ്ടുള്ള യൂണിഫോം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് ഇതിന് ആവശ്യമായ മുഴുവൻ തുണിയും നെയ്ത് തീർക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 1 മുതൽ 4 വരെയും 1 മുതൽ5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ മാത്രമായി ഈ പദ്ധതി 2017-18 അദ്ധ്യായന വർഷത്തിൽ പരിമിതപ്പെടുത്തുന്നതിനാണ് നിലവിൽ തീരുമാനി ച്ചിട്ടുള്ളത്. |
| സി) സൗജന്യ യൂണിഫോം നൽകുന്നതിന് ആവശ്യമായ തുണി ഉത്പാദിപ്പിച്ച് നൽകുന്നതിന് സാധിക്കുകയില്ലെന്ന് വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനം രേഖാമൂലം അറിയി ച്ചിട്ടുണ്ടോ; | സി) | അറിയിച്ചിട്ടില്ല. |
| ഡി) സൗജന്യ യൂണിഫോം വിതരണം സംബന്ധിച്ച് പ്രഖ്യാപനം നടത്തിയ വേളയിൽ ഇതിനാവശ്യമായിവരുന്ന തുണിയുടെ അളവ് സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിരുന്നോ? | ഡി) | 2017— 18 അദ്ധ്യയന വർഷംമുതൽ കേരളത്തിലെ സർക്കാർ എയിഡഡ് മേഖലയിലെ 1 മുതൽ 7 വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി സ്കൂൾ യൂണിഫോം നൽകുമെന്ന് നടപ്പുവർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനാവശ്യമായ തുണിയുടെ അളവ് സംബന്ധിച്ച് കണക്കെടുപ്പ് കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ